## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4974 14.11.2019 -ൽ മറുപടിയ്ക്ക്

# പെരിന്തൽമണ്ണ മണ്ഡലത്തിലെ വില്ലേജാഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലുള്ള ഏതെല്ലാം വില്ലേജാഫീസുകൾക്കാണ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുള്ളത്; സ്വന്തമായി കെട്ടിടമില്ലാത്ത ഏതെങ്കിലും വില്ലേജാഫീസ് നിലവിലുണ്ടോ; അറിയിക്കുമോ; | (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുള്ളതോ സ്വന്തമായി കെട്ടിടമില്ലാത്തതോ ആയ വില്ലേജാഫീസുകൾ ഒന്നും തന്നെയില്ല. |
| (ബി) | ചുറ്റുമതിലും നവീകരിച്ച കെട്ടിടവും ആവശ്യമുള്ള വില്ലേജാഫീസുകൾ ഏതൊക്കെയാണ്; ഇതിൽ ഏതെല്ലാം വില്ലേജാഫീസുകൾക്ക് എത്ര തുക വീതം എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കാര്യവട്ടം, കരുവമ്പലം,ആലിപ്പറമ്പ് വില്ലേജ് ഓഫീസുകൾക്ക് ചുറ്റുമതിലും, പെരിന്തൽമണ്ണ, അരക്കുപറമ്പ്, വെട്ടത്തൂർ വില്ലേജ് ഓഫീസുകൾക്ക് നവീകരണവും ആവശ്യമാണ്. ഇതിൽ ആലിപ്പറമ്പ്, വെട്ടത്തൂർ, പെരിന്തൽമണ്ണ, കാര്യവട്ടം, അരക്കുപറമ്പ് എന്നീ വില്ലേജ് ഓഫീസുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കൽ പ്രവൃത്തിയ്ക്ക് 50000/- രൂപ വീതവും പെരിന്തൽമണ്ണ, അരക്കുപറമ്പ്, വെട്ടത്തൂർ എന്നീ വില്ലേജ് ഓഫീസുകളിൽ അറ്റകുറ്റപ്പണി എന്നീ പ്രവൃത്തികൾക്ക് 4,25,000/- രൂപ വീതവും 2017-18 പ്ലാൻ സ്കീമിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ആലിപ്പറമ്പ് വില്ലേജ് ഓഫീസ് അഡീഷണൽ റൂം നിർമ്മാണത്തിന് 2015-16 സാമ്പത്തിക വർഷത്തെ റവന്യൂ റിക്കവറി പ്രവർത്തന പുരോഗതിയ്ക്ക് സമ്മാനമായി ലഭിച്ച തുകയിൽ 6,00,100/- രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (സി) | അടിസ്ഥാന സൗകര്യം ആവശ്യമുള്ള മറ്റ് വില്ലേജാഫീസുകൾക്ക് കൂടി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ